(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഈ വർഷം 20 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ പുരോഗമിച്ചു വരുന്നു. ഈ പദ്ധതിക്കു വേണ്ടിയുള്ള നിർദ്ദിഷ്ട ശുദ്ധീകരണശാലയുടെ സ്ഥലം ലഭിക്കുന്നതിന് ചില തടസ്സങ്ങൾ ഉള്ളതിനാൽ പുതിയ സ്ഥലം നോക്കിയതിനുശേഷം അതിനായുള്ള പുതുക്കിയ സാങ്കേതിക രൂപരേഖ തയ്യാറാക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) പുതുക്കിയ സാങ്കേതിക രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

ചീക്കോട്, കീഴ്പറമ്പ്, മഞ്ചേരി എന്നീ കുടിവെള്ള പദ്ധതികൾ

52(258) <u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലുള്ള ചീക്കോട്, കീഴ്പറമ്പ്, മഞ്ചേരി എന്നീ കുടിവെള്ള പദ്ധതികളുടെ പണി എത്രത്തോളമായി ;

(ബി) ഈ പദ്ധതികൾ എന്നത്തേക്ക് കമ്മീഷൻ ചെയ്യും ;

(സി) പദ്ധതികൾക്ക് ഓരോന്നിനും എന്ത് തുക ചെലവായി ;

(ഡി) ഇനിയും എന്തു തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) മഞ്ചേരി ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്. കീഴ്പറമ്പ് പദ്ധതിയുടെ കിണറും പമ്പ് ഹൗസും, ഗ്യാലറി, പമ്പിംഗ് മെയിൻ, ഉപരിതലസംഭരണി, പമ്പ്സെറ്റ് എന്നിവയും പൂർത്തിയായിട്ടുണ്ട്. വിതരണ ശൃംഖലയുടെ എ.സി.പൈപ്പുകളുടെ പണി 2001 മാർച്ചോടുകൂടി പൂർത്തിയാക്കാൻ സാധിക്കുന്നതാണ്. വിതരണ ശൃംഖലയ്ക്കാവശ്യമായ പി.വി.സി. പൈപ്പുകൾ ലഭ്യമാക്കാനുണ്ട്. ചീക്കോട് പദ്ധതിയുടെ വെൽക്കം പമ്പു ഹൗസ് ടെണ്ടർ പരിശോധിനയിലാണ്. ഭൂതല റിസർവോയറിന്റെ ടെണ്ടറിന്റെ അംഗീകാരം നൽകിയിട്ടുണ്ട്. ശുദ്ധീകരണശാലയുടെ ടെണ്ടർ ചീഫ് എൻജിനീയർ ഓഫീസിൽ പരിശോധനയിലാണ്. റോ വാട്ടർ പമ്പിംഗ് മെയിനിനുള്ള പൈപ്പുകൾ ഭാഗികമായി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിക്ക് ആവശ്യമായ ബാക്കി പൈപ്പുകൾ പണത്തിന്റെ ലഭ്യതയും പണികളുടെ പുരോഗതിക്കനുസൃതമായും ഘട്ടംഘട്ടമായി ലഭ്യമാക്കുന്നതാണ്.

(ബി) മഞ്ചേരി ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്തു. കീഴുപറമ്പ് പദ്ധതി 31-3-2001 നകം ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ചീക്കോട് പദ്ധതി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നത് 31-12-2004-ൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി)	പദ്ധതിയുടെ പേര്	ചെലവായ തുക
1.	മഞ്ചേരി ശുദ്ധജലവിതരണ പദ്ധതി	993.437 ലക്ഷം രൂപ
2.	കീഴ്പറമ്പ് ശുദ്ധജലവിതരണ പദ്ധതി	83.127 "
3.	ചീക്കോട് ശുദ്ധജലവിതരണ പദ്ധതി	118.33 "

(ഡി) ഉണ്ട്. വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

	പദ്ധതിയുടെ പേര്	തുക ലക്ഷത്തിൽ
1.	മഞ്ചേരി ശുദ്ധജലവിതരണ പദ്ധതി	27.40 ലക്ഷം രൂപ
2.	കീഴ്പറമ്പ് ശുദ്ധജലവിതരണ പദ്ധതി	52.00 "
3.	ചീക്കോട് ശുദ്ധജലവിതരണ പദ്ധതി	873.00 "

വർക്കല അർബൻ വാട്ടർ സ്പ്ലൈ സ്കീം

53(259) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല അർബൻ വാട്ടർ സ്പ്ലൈ സ്കീമിന്റെ നിർമ്മാണ ജോലികൾ നിർത്തിവച്ചിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ :

(സി) നിർമ്മാണ ജോലികൾ ഈ വർഷം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) 2001 ഡിസംബർ മാസത്തോടെ ഇതിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

ശുദ്ധജല വിതരണ പദ്ധതികൾ

54(261) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡത്തിൽ നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന എത്ര ശുദ്ധജലവിതരണ പദ്ധതികൾ ഉണ്ട് ; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly